പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2277 | 08.03.2017 ൽ മറുപടിക്ക്

## ശബരിമലയെ പ്ലാസ്റ്റിക് വിമുക്തമാക്കുവാനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര<br>,, വി.ടി.ബൽറാം<br>,, വി.പി.സജീന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമലയെ പ്ലാസ്റ്റിക് വിമുക്തമാക്കുവാനുള്ള നടപടി ഇക്കഴിഞ്ഞ മണ്ഡല-മകരവിളക്ക് കാലത്ത് ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞോ; | (എ) | കഴിഞ്ഞു. |
| (ബി) | ദേവസ്വം ബോർഡും സർക്കാരും ഇക്കാര്യത്തിനു വേണ്ടി നടപ്പിലാക്കിയ പദ്ധതി വിശദമാക്കുമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും കേരള സർക്കാറിന്റെയും സംയുക്ത സംരംഭ മെന്ന നിലയിൽ വർഷങ്ങളായി ശബരിമല സാനിട്ടേഷൻ സൊസൈറ്റി മുഖേന നടത്തി വരുന്ന ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ശബരിമലയിലും, പമ്പയിലും, നിലയ്ക്കലും നിരോധനത്തിനും, നിയന്ത്രണ ത്തിനും അതീതമായി കൊണ്ടുവരുന്ന പ്ലാസ്റ്റിക് സാമഗ്രികൾ നീക്കം ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് ബോട്ടിലുകൾ കൊണ്ടുവരുന്നത് നിരോധിക്കുകയും ഇതിനു വേണ്ടിയുള്ള മുന്നറിയിപ്പുകൾ ദൃശ്യ മാധ്യമങ്ങളിലും, പത്ര മാധ്യമങ്ങളിലും നൽകുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് ബോട്ടിലിലൂടെയല്ലാതെ ശുദ്ധ മായ കുടിവെള്ളം നൽകുന്നതിന് ആർ. ഒ. പ്ലാന്റുകളും, ട്രീറ്റ്മെന്റ് യൂണിറ്റുകളും സജ്ജീകരിക്കുകയും ഔഷധ കൂട്ടുകൾ ചേർത്ത് തിളപ്പിച്ച കുടിവെള്ളം ആവശ്യാനുസ രണം വിതരണം ചെയ്യുകയും ചെയ്തു. അപ്പം അരവണ ഉൾപ്പെടെയുള്ള പ്രസാദങ്ങൾ പ്ലാസ്റ്റിക് കവറിന് പകരം തുണി സഞ്ചിയിലും പ്ലാസ്റ്റിക്കിതര പാക്കിംഗുകളിലും നൽകി. |
| (സി) | ഇതു സംബന്ധിച്ച് നിയമസഭാ പരിസ്ഥിതി കമ്മിറ്റി എന്തെങ്കിലും ശിപാർശ നൽകിയിരുന്നോ; | (സി) യും (ഡി) യും | നിയമസഭാ പരിസ്ഥിതി സമിതി പമ്പയിലും ശബരിമല യിലും കാനനപാതകളിലും പ്ലാസ്റ്റിക് മുഖേന ഉണ്ടായിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റിയും പ്ലാസ്റ്റിക് നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പിലാക്ക ണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പരമാവധി പാലിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത ശിപാർശകൾ പ്രാവർത്തികമാക്കി യിട്ടുണ്ടോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ